പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1896 **26-10-2026-ൽ മറുപടിയ്ക്ക്**

പങ്കാളിത്ത പെൻഷൻ പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയതിനുശേഷം വിരമിക്കുന്ന ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി (ഡി.സി.ആർ.ജി.) കേന്ദ്രസർക്കാരും മറ്റ സംസ്ഥാന സർക്കാരുകളും പുനഃസ്ഥാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേരളത്തിലും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഡി.സി.ആർ.ജി. പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2599591/പെൻ-എ4/32/2023-ധന നമ്പർ ഫയലിൽ പരിശോധനയിലാണ്.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സർവീസിൽനിന്ന് വിരമിച്ച ജീവനക്കാർക്ക് ലഭിക്കുന്ന പെൻഷൻ തുക വളരെ കുറവായതിനാൽ അടിസ്ഥാന ജീവിതച്ചെലവുകൾ പോലും നിറവേറ്റാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കായി പ്രത്യേക സാമ്പത്തിക സഹായപദ്ധതിയോ പെൻഷൻ പദ്ധതിയോ നടപ്പിലാക്കുന്നത് പരിഗണിക്കുന്നുണ്ടോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) എൻ.പി.എസ്. പുനഃപരിശോധിക്കുന്നതിനായി കേരള സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ നിർദേശത്തിൽ, എൻ.പി.എസ്. പിൻവലിച്ച് കെ.എസ്.ആർ. പാർട്ട് III പ്രകാരമുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സമില്ലെന്ന് വ്യക്തമാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എൻ.പി.എസ്. പിൻവലിച്ച് പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്ത് പുതിയ സർക്കാർ നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ, പുതുക്കിയ ബജറ്റ് പ്രസംഗം 2026-2027 ഖണ്ഡിക 300 പ്രകാരം, **"മുൻ സർക്കാർ പ്രഖ്യാപിച്ച അഷ്വേർഡ് പെൻഷൻ പദ്ധതിയിൽ അവ്യക്തത നിലനിൽക്കുന്നു. ആയതിനാൽ ഇതു സംബന്ധിച്ച് വിലയിരുത്തൽ നടത്തിയതിനു ശേഷം നിലവിലുള്ള എൻ.പി.എസ് പെൻഷൻ സംവിധാനം പരിഷ്കരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളും"** എന്ന് പരാമർശിച്ചിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന ജീവനക്കാരുടെ എൻ.പി.എസ്. പരിഷ്കരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: 2599591/പെൻ-എ4/32/2023-ധന നമ്പർ ഫയലിൽ പരിശോധനയിലാണ്.

(ഇ) എൻ.പി.എസ്. പെൻഷൻ പദ്ധതിയിൽ കേന്ദ്രസർക്കാർ ജീവനക്കാരുടെയും മറ്റ് സംസ്ഥാനങ്ങളിലെ സർക്കാർ ജീവനക്കാരുടെയും കാര്യത്തിൽ ജീവനക്കാരന്റെയും തൊഴിൽദാതാവിന്റെയും കോൺട്രിബ്യൂഷൻ 14 ശതമാനമായി വർധിപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരളത്തിലും സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺട്രിബ്യൂഷൻ 14 ശതമാനമായി വർധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2599591/പെൻ-എ4/32/2023-ധന നമ്പർ ഫയലിൽ പരിശോധനയിലാണ്.

(എഫ്) എൻ.പി.എസ്. പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട കേരളത്തിലെ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കുടുംബ പെൻഷൻ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ജീവനക്കാർക്ക് കുടുംബ പെൻഷൻ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ

പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതാണ്. ഡാറ്റാ അധിഷ്ഠിത ഭരണനിർവ്വഹണത്തെ പിന്തുണയ്ക്കുന്നതിനായി, വിൽപ്പനയും ഇൻവെന്ററി പ്രവണതകളും നിരീക്ഷിക്കുന്നതിന് ആധുനിക ഡാറ്റാ അനലിറ്റിക്സ് പ്ലാറ്റ്ഫോം സജ്ജമാക്കും. കൂടാതെ, ഉത്തരവാദിത്തമുള്ള ലോട്ടറി പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും ഡിജിറ്റൽ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുമായി പുതുതായി രൂപീകരിച്ച ഒരു സോഷ്യൽ മീഡിയ കമ്മിറ്റി നേതൃത്വം നൽകും.

ജീവനക്കാര്യം

297. ജീവനക്കാരുടെ ഡി.എ., പെൻഷൻകാരുടെ ഡി.ആർ. എന്നിവ മുടക്കം കൂടാതെ നൽകും.

298. ലീവ് സറണ്ടറിന്റെ കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളും.

299. ജീവനക്കാരുടെ ആരോഗ്യ സുരക്ഷാ പദ്ധതിയായ 'മെഡിസെപ്പ്' സമഗ്രമായി പരിഷ്കരിക്കും.

300. മുൻ സർക്കാർ പ്രഖ്യാപിച്ച അഷ്വേർഡ് പെൻഷൻ പദ്ധതിയിൽ അവ്യക്തത നിലനിൽക്കുന്നു. ആയതിനാൽ ഇതു സംബന്ധിച്ച് വിലയിരുത്തൽ നടത്തിയ ശേഷം നിലവിലുള്ള എൻ.പി.എസ്. പെൻഷൻ സംവിധാനം പരിഷ്കരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളും.